1. 'ജിക്ക' സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിപുലീകരണ പദ്ധതി.

2. ബാങ്ക് സഹായത്തോടുകൂടി തൃപ്പൂണിത്തുറയ്ക്കും സമീപ ഗ്രാമങ്ങളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി.

3. ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെട്ട വോർക്കാടിക്കും സമീപ വില്ലേജുകളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി, ഫേസ് ഒന്നും രണ്ടും.

4. നബാർഡ് (സ്പാനിൽ)പ്പെട്ട ഇരിമ്പിലിയം-വളാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി.

(സി) ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികളുടെ പട്ടിക അനുബന്ധമായി (അനുബന്ധം2) ചേർത്തിട്ടുണ്ട്.*

കൂടാതെ നിർമ്മാണത്തിലിരിക്കുന്ന വൻകിട പദ്ധതികൾ താഴെപ്പറയുന്നവയാണ്. ജിക്ക പദ്ധതി - 4.

1. കൊല്ലം ജില്ലയിലെ മീനാടിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

2. ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

3. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

4. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി. ജെ. എൻ. എൻ. യു. ആർ. എം. പദ്ധതികൾ-2.2009-ൽ അംഗീകാരം ലഭിച്ചു. ഐ. ഡി. എസ്. എസ്.എം. ഡി. പദ്ധതികൾ.

(ഡി) പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പ്രവർത്തികൾ ത്വരിതപ്പെടുത്തിവരുന്നു.

കസ്റ്റമർ സാറ്റിസ്ഫാക്ഷൻ സർവ്വേ

90 (687) ശ്രീ. കെ. രാജു :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൻകീഴിൽ കസ്റ്റമർ സാറ്റിസ്ഫാക്ഷൻ സർവ്വേ നടത്തിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ സർവ്വേയിലൂടെ കണ്ടെത്തിയ ഉപഭോക്താക്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; ഇവ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം നവീകരിക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്ത് നടത്തിയിട്ടുണ്ട്

(ബി) തിരുവനന്തപുരം നഗരത്തിൽ കേരള വാട്ടർ അതോറിറ്റി സ്ഥാപന ശാക്തീകരണ കമ്മിറ്റി ഇത്തരത്തിലുള്ള ഒരു സർവ്വേ നടത്തിയിട്ടുണ്ട്. സർവ്വെ ഫലങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. കുടിവെള്ളത്തിന്റെ ലഭ്യത

24 മണിക്കൂറും —	59 % ജനങ്ങൾക്ക്
11 മുതൽ 23 മണിക്കൂർ വരെ —	17 % ജനങ്ങൾക്ക്
2 മുതൽ 10 മണിക്കൂർ വരെ —	11 % ജനങ്ങൾക്ക്
2 മണിക്കൂറിൽ താഴെ —	7 % ജനങ്ങൾക്ക്
1 മണിക്കൂറിൽ താഴെ —	6 % ജനങ്ങൾക്ക്

2. ആഫീസിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനം :

തൃപ്തികരം —	59 %
നല്ലത് —	20 %
തൃപ്തികരമല്ലാത്തത് —	11 %
പ്രതികരിക്കാത്തവർ —	10 %

3. പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നത് :

കൃത്യമായി —	44%
ഇടയ്ക്കിടെ —	38 %
പരിഹരിക്കപ്പെടാത്തത് —	11 %
പ്രതികരിക്കാത്തവർ —	7 %

LIBRARY ARCHIVES Kerala Legislative Assembly

4. പണമടയ്ക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ ?

ഇല്ല —	71 %
ഉണ്ട് —	19 %
പ്രതികരിക്കാത്തവർ —	10 %

5. ജല അതോറിറ്റിക്ക് നൽകിയ മാർക്ക് :

85-ന് മുകളിൽ —	11 %
70-85-ന് മുകളിൽ —	28 %
50-70 ന് മുകളിൽ —	39 %
50-ൽ താഴെ —	17 %
പ്രതികരിക്കാത്തവർ —	5 %

6. ഈ സർവ്വെയിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ :

1. തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെട്ടിരുന്ന ജലലഭ്യതയുടെ കുറവ് ജപ്പാൻ സഹായത്തോടെ നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തതുവഴി ഏറെക്കുറെ പരിഹരിക്കപ്പെട്ടു.

2. ഓഫീസിൽ നിന്നും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ സബ് ഡിവിഷനുകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു. തൃപ്തികരമായി പ്രവർത്തിക്കുന്നു.

3. പരാതികൾ (മുഖ്യമായും ജലലഭ്യതക്കുറവ്, പൈപ്പ് ലൈനിന്റെ ചോർച്ച) ഇവ പരിഹരിക്കാൻ ബ്ലൂ ബ്രിഗേഡ് എന്ന പേരിൽ ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുകയും പ്രശ്ന പരിഹാരം സമയബന്ധിതമായി ഉണ്ടാവുകയും ചെയ്യുന്നു.

4. പണമടയ്ക്കുന്നതുമായി ബന്ധപ്പെട്ട പരാതികളും ഹെൽപ്പ് ഡെസ്ക്ക് വഴി പരിഹരിക്കാൻ സംവിധാനമുണ്ട്. കൂടാതെ ഇത്തരം ജീവനക്കാർക്ക്പൊതു ജനങ്ങളുമായി ഇടപഴകുന്നതിന് ആവശ്യമായ പരിശീലനം നൽകിവരുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജപ്പാൻ കുടിവെള്ള പദ്ധതി കൂടാതെ സ്പാൻ, സ്പാർക്ക്, മലബാർ പാക്കേജ് തുടങ്ങിയ പദ്ധതികൾവഴി സംസ്ഥാനത്താകെ ഏകദേശം 3000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ ആരംഭിച്ചു. കൂടാതെ സ്ഥാപനം പുനസംഘടിപ്പിക്കുന്നതിന് സ്ഥാപന ശാക്തീകരണ കമ്മിറ്റി രൂപീകരിക്കുകയും IIM, Bangalore, എനർജി മാനേജ്മെന്റ് സെന്റർ മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തനം നടന്നുവരുന്നു. പദ്ധതി നടത്തിപ്പിനുവേണ്ടി മാത്രം സംസ്ഥാനത്തൊട്ടാകെ പുതിയ 13 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ച് പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. ഈ സംവിധാനത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്റ്റുകൾക്കും മെയിന്റനൻസിനും പ്രത്യേകം പ്രത്യേകം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെൻഡറിംഗിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ പരിഗണനയിലാണ്. ടെൻഡറിംഗിലെ അപാകതയും ഇടപെടലുകളും ഒഴിവാക്കുന്നതിനായി ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. തിരുവനന്തപുരം നഗരത്തിൽ വിജയകരമായി പൂർത്തീകരിച്ച വൈഡ് ഏരിയ നെറ്റ്വർക്ക് എന്ന കമ്പ്യൂട്ടർ സംവിധാനം കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നതിനുള്ള പണികൾ നടന്നുവരികയാണ്. ഇതിലൂടെ പൊതുജനങ്ങൾക്ക് സഹായകരമാകുന്നതിനുള്ള റവന്യൂ സംവിധാനം, പരാതി പരിഹാരസംവിധാനം തുടങ്ങിയവ നടപ്പിലാക്കുന്നതാണ്.

മലബാർ ഇറിഗേഷൻ പാക്കേജ്

91 (688) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഇറിഗേഷൻ പാക്കേജ് എന്നാണ് പ്രഖ്യാപിച്ചത് ; ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(സി) മലബാറിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പദ്ധതികളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം ഉണ്ടായിരുന്നോ ; എങ്കിൽ അവയുടെ പണി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ 2-11-2009-ൽ ആണ് മലബാർ ഇറിഗേഷൻ പാക്കേജിന് ജി.ഒ.(ആർ.റ്റി) നമ്പർ. 1226/09/ജലവിഭവ പ്രകാരം ഭരണാനുമതി നൽകിയത്. മലബാർ പാക്കേജിൽ ഉൾപ്പെടുത്തി താഴെപറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്തത്.

1. ഏഴ് ജില്ലകളിലെ 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ (തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ) - 52.76 കോടി രൂപ

2. ഏഴ് ജില്ലകളിലെ 209 തടയണകൾ, വി.സി.ബി.കൾ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കും 127.33 കോടി രൂപ.

3. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ - 20 കോടി രൂപ ചീഫ് എഞ്ചിനീയർ കാവേരി സെല്ലിന്റെ കീഴിൽ കുറ്റ്യാടി പദ്ധതിക്കു വേണ്ടി 50 കോടി രൂപയാണ് പ്രഖ്യാപിച്ചത്. ഇതിൽ ആദ്യഗഡുവായി 20 കോടി രൂപ 2009-10-ൽ വകയിരുത്തി.

LIBRARY ARCHIVES Kerala Legislative Assembly